**15 -ാം കേരള നിയമസഭ**

**7 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1786** **09-12-2022 - ൽ മറുപടിയ്ക്ക്**

**നെല്ല് സംഭരണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ എ. സി. മൊയ്തീൻ** | | **ശ്രീ. പി. പ്രസാദ്<br>(കൃഷി വകുപ്പ് മന്ത്രി)** | |
| (എ) | നെല്ല് സംഭരണത്തിനായി എന്തെല്ലാം മാർഗ്ഗനിർദേശങ്ങളാണ് പുറപ്പെടുവിച്ചിട്ടുള്ളത്; വിവരം നൽകുമോ; | (എ) | നെല്ല് സംഭരണത്തിനായി മാർഗ്ഗ നിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്. ഈ മാർഗ്ഗനിർദ്ദശങ്ങൾ സപ്ലൈകോയുടെ നെല്ല് സംഭരണ വെബ്സൈറ്റിൽ പ്രദർശിപ്പിച്ചിട്ടുണ്ട്. ആയതിന്റെ പകർപ്പ് **അനുബന്ധം** ആയി ചേർക്കുന്നു. |
| (ബി) | ഇവ കർഷകർക്ക് പൂർണ്ണമായി സഹായകരമാണെന്ന് വിലയിരുത്തിയിട്ടുണ്ടോയെന്ന് അറിയിക്കാമോ? | (ബി) | ഇത് സംബന്ധിച്ച് ശാസ്ത്രീയമായ വിലയിരുത്തലുകൾ നടത്തിയിട്ടില്ലെങ്കിലും കർഷകരുടെ ഭാഗത്തുനിന്ന് ഇത് സംബന്ധിച്ച പരാതികൾ ലഭ്യമാകാത്തതിനാൽ കർഷകർക്ക് നിർദ്ദേശങ്ങൾ സഹായകരമാണെന്ന് കാണുന്നു. |

സെക്ഷൻ ഓഫീസർ

| **Registration Guide** |
| --- |
| How Register For Paddy Procurement Scheme. |
| കർഷക രജിസ്ട്രേഷൻ നടപടിക്രമം വീഡിയോ കാണുവാൻ ഇവിടെ ക്ലിക്ക് ചെയ്യുക |

# നെല്ലു സംഭരണം-കർഷക രജിസ്ട്രേഷൻ - ഓൺലൈൻ അപേക്ഷ സമർപ്പണം നടപടിക്രമം

## നെല്ല് സംഭരണ സംസ്ക്കരണ വിപണന പദ്ധതി

ആമുഖം - കേരളത്തിലെ നെൽകർഷകർ ഉൽപ്പാദിപ്പിക്കുന്ന നെല്ല് സർക്കാർ നിർദ്ദേശിക്കുന്ന നിശ്ചിത ഗുണമേന്മ മാനദണ്ഡങ്ങൾക്കനുസൃതമായി കർഷകരിൽ നിന്ന് ഏറ്റെടുത്ത്, കേരളത്തിലെ ആധുനിക അരി മില്ലുകളിൽ സംസ്ക്കരിച്ച്. പൊതു വിതരണ സംവിധാനത്തിലൂടെ വിതരണം ചെയ്യുന്നതിന് പദ്ധതി വിഭാവനം ചെയ്യുന്നു.

പദ്ധതി - രാജ്യത്തെ മുഖ്യധാന്യ സംഭരണ ഏജൻസിയായി പ്രവർത്തിച്ചുവരുന്ന ഫുഡ് കോർപ്പറേഷൻ ഓഫ് ഇന്ത്യ അനുവർത്തിക്കുന്ന ധാന്യ സംഭരണ പ്രക്രിയ പരിഷ്ക്കരിച്ച് ഒരു വികേന്ദ്രീകൃത ധാന്യ സംഭരണ പദ്ധതി, കേന്ദ്ര ഭക്ഷ്യ പൊതു വിതരണ മന്ത്രാലയം 1997-98 മുതൽ ആവിഷ്ക്കരിച്ച് നടപ്പിലാക്കി വരുന്നു. 04.06.2005 ലെ കേരള സർക്കാർ ഉത്തവ് (എം.എസ്) നമ്പർ.22/2005/ ഭ.സി.സ.ഉ.ക.വ ആസ്പദമാക്കി കേരളത്തിൽ പ്രസ്തുത വികേന്ദ്രീകൃത ധാന്യ സംഭരണ പദ്ധതി നടപ്പിലാക്കി വരുന്നു. കേരള സ്റ്റേറ്റ് സിവിൽ സപ്ലൈസ് കോർപ്പറേഷൻ - സപ്ലൈകോ പ്രസ്തുത പദ്ധതിയുടെ നിർവ്വഹണ ഏജൻസിയായി പ്രവർത്തിക്കുന്നു. സപ്ലൈകോ, സംസ്ഥാനത്തെ കർഷകർ ഉൽപാദിപ്പിക്കുന്ന നെല്ല് കർഷകരിൽ നിന്ന് നേരിട്ട് ഏറ്റെടുത്ത്, ആയതിന് കർഷകരുടെ ബാങ്ക് അക്കൗണ്ടിലൂടെ നെല്ലിന്റെ സംഭരണ വില നൽകുകയും, കർഷകരിൽ നിന്നും സംഭരിക്കുന്ന നെല്ല് നവീന സംസ്ക്കരണശാലകളിൽ ഇരുപ്പുഴുക്കൻ രീതിയിൽ കുത്തി അരിയാക്കി റേഷൻ കടകളിലൂടെ വിതരണം ചെയ്യുന്നതിന് ഭക്ഷ്യ സിവിൽ സപ്ലൈസ് വകുപ്പിന് നൽകി വരുന്നു.

വെബ്സൈറ്റ് - ഇ-ഗവേർണൻസ് : നെല്ല് സംഭരണ പദ്ധതിയുടെ വിവിധ ഘടകങ്ങൾ ഉൾപ്പെടുത്തി പ്രസ്തുത പദ്ധതിയുടെ കീഴിലുള്ള മുഴുവൻ ക്രയവിക്രയങ്ങളും കമ്പ്യൂട്ടർവൽകൃത സംവിധാനത്തിലൂടെ രേഖപ്പെടുത്തുന്നതിന് www.supplycopaddy.in എന്ന വെബ്സൈറ്റ് പ്രവർത്തന സജ്ജമാണ്. പ്രസ്തുത വെബ്സൈറ്റിൽ നിന്നും കർഷകർക്കും, മില്ലുകാർക്കും, മറ്റ് ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്കും ടി പദ്ധതി സംബന്ധമായ എല്ലാ വിവരങ്ങളും വളരെ കൃത്യതയോടെ യഥാസമയം അറിയുവാൻ കഴിയും.

സംഭരണ വില - നെല്ലിന്റെ സംഭരണ വില സർക്കാർ പ്രഖ്യാപിക്കുന്നു. നെല്ല് സംഭരണ വിലയിൽ രണ്ട് ഘടകങ്ങൾ ഉൾപ്പെടുന്നു.

1. MSP - മിനിമം സപ്പോർട്ട് പ്രൈസ് - അടിസ്ഥാന താങ്ങുവില കേന്ദ്ര സർക്കാർ നൽകി വരുന്നു. കേന്ദ്ര കൃഷി മന്ത്രാലയത്തിന്റെ കീഴിലുള്ള CACP - കമ്മീഷൻ ഫോർ അഗ്രികൾച്ചറൽ കോസ്റ്റ് ആന്റ് പ്രൈസസ് - ന്റെ ശുപാർശ പ്രകാരം കേന്ദ്ര സർക്കാർ MSP പ്രഖ്യാപിക്കുന്നു.

2. SIB - സ്റ്റേറ്റ് ഇൻസന്റീവ് ബോണസ് – പ്രോത്സാഹന ബോണസ് സംസ്ഥാന സർക്കാർ ബഡ്ജറ്റ് വിഹിതമായി നൽകി വരുന്നു.

PRS വായ്പപദ്ധതി – നെല്ലിന്റെ വില സമയബന്ധിതമായി കർഷകർക്ക് നൽകുന്നതിനായി ബാങ്കുകളുമായി സപ്ലൈകോ കരാറിൽ ഏർപ്പെട്ടിട്ടുണ്ട്. ഇത് പ്രകാരം പി.ആർ.എസിന് അനുബന്ധമായ തുക പ്രസ്തുത ബാങ്കുകൾ കർഷകർക്ക് നൽകുന്നു. വായ്പ കർഷകരുടെ പേരിലാണെങ്കിലും അതിന്റെ പലിശ സപ്ലൈകോയാണ് നൽകുന്നത്.

കർഷക രജിസ്ട്രേഷൻ – ഓൺലൈൻ അപേക്ഷ നടപടിക്രമം

1. കർഷകർക്ക് നേരിട്ടോ അക്ഷയ കേന്ദ്രം മുഖേനയോ രജിസ്ട്രേഷൻ നടപടികൾ സ്വീകരിക്കാവുന്നതാണ്.
2. രജിസ്ട്രേഷൻ സൈറ്റായ www.supplycopaddy.in മുഖേനയാണ് രജിസ്ട്രേഷൻ നടത്തേണ്ടത്.
3. നെല്ല് സംഭരണത്തിലെ പൊതു നിബന്ധനകൾ പൂർണ്ണമായും അംഗീകരിച്ചുകൊണ്ടാണ് കർഷകർ രജിസ്ട്രേഷൻ നടത്തേണ്ടത്.
4. സ്വന്തം ഭൂമിയിൽ കൃഷി ചെയ്യുന്നവർക്കും പാട്ടകൃഷിക്കാർക്കും സംഘകൃഷി ക്കാർക്കും പ്രത്യേകം പ്രത്യേകം അപേക്ഷാഫോമുകൾ ഉണ്ട്.
5. കർഷക രജിസ്ട്രേഷൻ കൃഷി ഓഫീസർ ഓൺലൈനായി അംഗീകരിക്കുകയും പാഡി മാർക്കറ്റിംഗ് ഓഫീസർ അത് ഓൺലൈനായി തന്നെ സ്വീകരിക്കുകയും ചെയ്യുമ്പോൾ മാത്രമേ കർഷക രജിസ്ട്രേഷൻ പൂർത്തിയായി കർഷകർക്ക് രജിസ്ട്രേഷൻ നമ്പർ ലഭിക്കുകയുള്ളു. ഇതിനായി കർഷകർ ഓൺലൈനായി രജിസ്റ്റർ ചെയ്തശേഷം പ്രസ്തുത രജിസ്ട്രേഷൻ ഫോമിന്റെ പ്രിന്റ് എടുത്ത് ബന്ധപ്പെട്ട കൃഷിഭവനിൽ സമർപ്പിക്കേണ്ടതാണ്.
6. വിളവെടുപ്പിന് രണ്ടാഴ്ച്ചമുമ്പ് രജിസ്ട്രേഷൻ നമ്പർ ലഭിച്ചുവെന്ന് കർഷകർ ഉറപ്പുവരുത്തേണ്ടതാണ്.
7. ഓൺലൈൻ അപേക്ഷയിൽ രേഖപ്പെടുത്തിയ വിവരങ്ങൾ തുടർന്ന് അറിയുന്നതിന് വെബ്സൈറ്റിലുള്ള പൊതു വിവരങ്ങൾ / കൃഷിഭവൻ തിരിച്ച് കർഷകരുടെ പട്ടിക എന്ന ലിങ്കിൽ ക്ലിക് ചെയ്യുക.

സീസൺ

| സീസൺ | വിതകാലം | സംഭരണ കാലം |
|---|---|---|
| ഒന്നാം സീസൺ | ഏപ്രിൽ, മെയ്, ജൂൺ, ജൂലൈ | സെപ്റ്റംബർ – ഡിസംബർ |
| രണ്ടാം സീസൺ | സെപ്റ്റംബർ – ഫെബ്രുവരി | ജനുവരി – ജൂൺ |

നെല്ല് സംഭരണം – പൊതു നിബന്ധനകൾ

1. കൃഷിയിറക്കുന്ന ഓരോ സീസണിലും കർഷകർ ഓൺലൈനായി അപേക്ഷ സമർപ്പിക്കുക. രജിസ്ട്രേഷൻ നടപടിക്രമങ്ങൾ പൂർത്തീകരിച്ച് ലഭിക്കുന്ന തിരിച്ചറിയൽ നമ്പർ പ്രകാരം മാത്രമെ അതത് സീസണിൽ നെല്ല് സംഭരണത്തിന് പരിഗണി ക്കുകയുള്ളു. വ്യക്തിഗത അപേക്ഷകർക്ക് ആധാർ നമ്പർ നിർബന്ധമാണ്.
2. കർഷകന് ഭൂപരിധി നിയമപ്രകാരം ഉടമസ്ഥാവകാശമുള്ള സ്ഥലത്തിൽ (പരമാവധി 2 ഹെക്ടർ വരെ മാത്രം) നെൽ കൃഷി ചെയ്യുന്ന സ്ഥലത്തിന് സ്വന്തം പേരിൽ അപേക്ഷ സമർപ്പിക്കാം. കർഷക കൂട്ടായ്മകൾ ഏറ്റെടുത്തു ചെയ്യുന്ന നെൽകൃഷിക്ക് ഒരു അപേക്ഷയിൽ പരമാവധി 10 ഹെക്ടർ എന്ന് നിജപ്പെടുത്തിയിരിക്കുന്നു.
3. സ്വന്തം പേരിൽ ഉടമസ്ഥാവകാശം ഇല്ലാത്ത സ്ഥലത്ത് ചെയ്യുന്ന നെൽ കൃഷിക്ക് പരമാവധി 2 ഹെക്ടർ വരെ മാത്രം താൽക്കാലിക കൃഷി എന്ന് രേഖപ്പെടുത്തി മറ്റൊരു അപേക്ഷ കൂടി സമർപ്പിക്കാം.

4. പാട്ട ഭൂമിയിൽ കൃഷി ചെയ്തിരിക്കുന്ന കർഷകർ, അവർ ഉൽപ്പാദിപ്പിച്ച നെല്ലിന്റെ ഉടമസ്ഥാവകാശം സംബന്ധിച്ച് എതെങ്കിലും പരാതി ഉന്നയിക്കപ്പെടുന്നപക്ഷം പ്രസ്തുത സ്ഥലത്തിന്റെ ഉടമസ്ഥാവകാശം കർഷകർ സ്വയം തെളിയിക്കേണ്ടതാണ്.

5. കർഷകർ പാടശേഖരാടിസ്ഥാനത്തിൽ വേണം അപേക്ഷ സമർപ്പിക്കേണ്ടത്. കർഷകർ ഒന്നിലധികം പാടശേഖരങ്ങളിൽ കൃഷി ചെയ്യുന്നുവെങ്കിൽ ഓരോ പാടശേഖര ങ്ങൾക്കും വെവ്വേറെ അപേക്ഷ സമർപ്പിക്കണം.

6. രജിസ്ട്രേഷൻ നമ്പർ ലഭിച്ചതിനുശേഷം അപേക്ഷയിൽ കൊടുത്തിട്ടുള്ള വിവരങ്ങൾ മാറ്റുന്നതിന് കർഷകർ രേഖാമൂലം അപേക്ഷ പാഡി മാർക്കറ്റിംഗ് ഓഫീസർക്ക് സമർപ്പിക്കേണ്ടതാണ്.

7. രജിസ്ട്രേഷന് നൽകിയ വിവരങ്ങൾ എപ്പോൾ വേണമെങ്കിലും സപ്ലൈകോയുടെ പരിശോധനയ്ക്ക് വിധേയമായിരിക്കും. തെറ്റായ വിവരങ്ങൾ നൽകുന്ന അപേക്ഷകൾ പ്രകാരം തിരിച്ചറിയൽ നമ്പർ ലഭിക്കാതിരിക്കുകയോ അഥവാ ലഭിച്ച് നെല്ലെടുത്താൽ പണം ലഭിക്കാതിരിക്കുകയോ ചെയ്യാവുന്നതാണ്.

8. തിരിച്ചറിയൽ നമ്പർ ലഭിച്ചു കഴിഞ്ഞ് കൃഷിയിടമോ മറ്റ് വിവരങ്ങളോ പരിശോധിക്കുമ്പോൾ ക്രമക്കേടുള്ളതായി കണ്ടാൽ രജിസ്ട്രേഷൻ അസാധു വാക്കുന്നതും നിയമനടപടികൾ സ്വീകരിക്കുന്നതുമാണ്.

9. കർഷകർ നെല്ലിന്റെ വിളവെടുപ്പ് ആകുന്ന വിവരം മുൻകൂറായി ബന്ധപ്പെട്ട കൃഷി ഓഫീസർ മുഖേന പാഡി മാർക്കറ്റിംഗ് ഓഫീസറെ അറിയിക്കേണ്ടതാണ്.

10. കർഷകർ ഉൽപ്പാദിപ്പിക്കുന്ന നെല്ല് കേന്ദ്ര സർക്കാർ നിഷ്ക്കർഷിച്ചിട്ടുള്ള നിശ്ചിത ഗുണനിലവാരമുള്ളതാണെങ്കിൽ മാത്രമെ സപ്ലൈകോ സംഭരിക്കുകയുള്ളു.

സംഭരിക്കുന്ന നെല്ലിന്റെ ഗുണനിലവാരം സംബന്ധിച്ച സൂചകങ്ങൾ.

| ഘടകങ്ങൾ | ബാഹ്യവസ്തുക്കൾ | | കേടായത്, മുളച്ചത്, കീടബാധയേറ്റത് | നിറം മാറിയത് | പാകമാകാത്ത തും ചുരുങ്ങിയതും | താഴ്ന്ന ഇനങ്ങളുടെ കലർപ്പുകൾ | ഈർപ്പം |
|---|---|---|---|---|---|---|---|
| പരമാവധി | ജൈവം | അജൈവം | 4.0 | 1.0 | 3.0 | 6.0 | 17.0 |
| ശതമാനം | 1.0 | 1.0 | | | | | |

മേൽ പ്രസ്താവിച്ച ഗുണനിലവാര പട്ടിക പ്രകാരം അനുവദനീയമായ ഗുണനിലവാര പരിധിയ്ക്ക് പുറത്തുള്ള നെല്ല് സംഭരിക്കുന്നതല്ല. നെല്ല് പരമാവധി വൃത്തിയാക്കിയും ഉണക്കിയും ഗുണനിലവാര പട്ടികയിൽ പരാമർശിക്കുന്ന പ്രകാരമുള്ള ഗുണമേന്മ കർഷകർ ഉറപ്പ് വരുത്തേണ്ടതാണ്.

11. പാഡി മാർക്കറ്റിംഗ് ഓഫീസർ നിശ്ചയിക്കുന്ന സംഭരണ കേന്ദ്രത്തിൽ നെല്ല് കർഷകർ എത്തിച്ച് കൊടുക്കേണ്ടതാണ്. കൃഷി സ്ഥലത്തിന്റെ വിസ്തൃതിയനുസരിച്ച് 500 മുതൽ 1000 ഹെക്ടർ പ്രദേശത്തിന് ഒരു സംഭരണ കേന്ദ്രം പാഡി മാർക്കറ്റിംഗ് ഓഫീസർ നിർദ്ദേശിക്കുന്നതാണ്. ഭൂപ്രകൃതിയുടെയോ ഭൗതിക സൗകര്യങ്ങളുടെ പ്രത്യേകത യാലോ കർഷക സൗകര്യാർത്ഥം മില്ലുകാർ പാടശേഖരത്തിൽ വന്ന് നെല്ല് ഏറ്റെടുക്കുന്നതാണ്. ഇപ്രകാരം ചെയ്യുന്നപക്ഷം നെല്ല് ചാക്കിൽ നിറയ്ക്കുന്നതിനും ലോറിയിൽ കയറ്റുന്നതിനും കർഷകർ സഹായിക്കേണ്ടതാണ്. കേരളത്തിൽ വിവിധ പ്രദേശങ്ങളിൽ കൂലി നിരക്കുകൾ വ്യത്യാസപ്പെട്ടിരിക്കുന്നതിനാൽ മേൽപ്പറഞ്ഞ ചെലവുകൾക്കായി കർഷകർക്ക് ക്വിന്റലിന് 12 രൂപ നിരക്കിൽ സംസ്ഥാനതലത്തിൽ മില്ലുകാർ നൽകുന്നതാണ്. ഇതിൽ അധികരിച്ച് വരുന്ന ചെലവുകൾ കർഷകർ വഹിക്കേണ്ടതാണ്. ഓരോ പാടശേഖരത്തിനും പാഡി മാർക്കറ്റിംഗ് ഓഫീസർ നിശ്ചയിക്കുന്ന മില്ലുകാരുടെ പക്കൽ നിന്നും ആവശ്യമായ ചാക്ക് ലഭിക്കുന്നതാണ്. സംഭരിക്കുന്ന നെല്ലിന്റെ തുടർന്നുള്ള ഭൗതീക പരിശോധനയും തൂക്കം കൃത്യമായി രേഖപ്പെടുത്തുന്നതും സുഗമമാക്കുന്നതിലേയ്ക്കായി ചാക്കിൽ ഒരേ തൂക്കത്തിൽ തന്നെ നെല്ല് നിറയ്ക്കേണ്ടതുണ്ട്. ആയതിനാൽ മില്ലുകൾ സംഭരണത്തിനായി നൽകുന്ന ഓരോ ചാക്കിലും ഏകദേശം 40 കിലോ തൂക്കം വരുന്ന രീതിയിൽ കർഷകർ നെല്ല് നിറയ്ക്കേണ്ടതാണ്.

12. കർഷകർ സ്വന്തം പേരിലുള്ള ബാങ്ക് അക്കൗണ്ട് വേണം അപേക്ഷയിൽ രേഖപ്പെടുത്തുവാൻ. സർക്കാർ നിശ്ചയിക്കുന്ന നെല്ലിന്റെ വില കർഷകന് ബാങ്ക് അക്കൗണ്ട് വഴി മാത്രമേ ലഭിക്കുകയുള്ളൂ. ഇലക്ട്രോണിക് സംവിധാനം വഴി നേരിട്ട് ബാങ്ക് അക്കൗണ്ടിൽ പണം നിക്ഷേപിക്കുന്നതിന് IFS Code നമ്പർ ഉള്ള ബാങ്കിലെ അക്കൗണ്ട് നമ്പർ നൽകണം. ബാങ്ക്, ബ്രാഞ്ച്, അക്കൗണ്ട് നമ്പർ എന്നിവ പിന്നീട് മാറ്റുന്നതിന് രേഖാമൂലം അപേക്ഷ പാഡി മാർക്കറ്റിംഗ് ഓഫീസർക്ക് സമർപ്പിക്കേണ്ടതാണ്.

13. സംഭരിക്കുന്ന നെല്ലിന്റെ തൂക്കം, ഗുണനിലവാരം എന്നിവ നെല്ല് നൽകിയ കർഷകൻ അപ്പോൾതന്നെ ഉറപ്പുവരുത്തേണ്ടതാണ്. സപ്ലൈകോ ചുമതലപ്പെടുത്തിയ മില്ലുകളെ നെല്ല് ഏൽപ്പിക്കുന്നതിന് മുൻപ് കേന്ദ്ര സർക്കാർ മാനദണ്ഡങ്ങൾക്ക് അനുസൃതമായി സപ്ലൈകോ നിഷ്കർഷിച്ചിട്ടുള്ള ഗുണനിലവാരം നെല്ലിന് ഉണ്ടെന്ന് കർഷകർ ഉറപ്പുവരുത്തേണ്ടതാണ്. കർഷകർ, നെല്ല് കൈപ്പറ്റ് രസീത് / പി.ആർ.എസ് ഏറ്റുവാങ്ങിയശേഷം നെല്ലിന്റെ ഗുണനിലവാരത്തെപറ്റിയോ തൂക്കത്തെ സംബന്ധിച്ചോ ഉന്നയിക്കുന്ന പരാതികൾ സ്വീകാര്യമല്ല. രജിസ്ട്രേഷൻ പ്രകാരമുള്ള കൃഷിയിടത്തിലെ നെല്ല് മാത്രമെ കർഷകർ സപ്ലൈകോയ്ക്ക് നൽകുവാൻ പാടുള്ളൂ. സപ്ലൈകോ എടുക്കുന്ന നെല്ലിന്റെ അളവ് കൃഷിയിടത്തിന് ആനുപാതികമായി നിശ്ചയിച്ചിട്ടുള്ള അളവാണോ എന്നും അതാത് പ്രദേശത്തെ ഉൽപാദന ക്ഷമതയുമായി പൊരുത്തപ്പെടുന്നതാണോ എന്നും നെല്ല് വില അനുവദിക്കുന്ന അവസരത്തിൽ പരിശോധിക്കുന്നതാണ്.

14. തെറ്റായി നൽകുന്ന വിവരങ്ങൾ മൂലം ഉണ്ടായേക്കാവുന്ന ഭവിഷ്യത്തുകൾക്ക് കർഷകൻ തന്നെ ഉത്തരവാദിയായിരിക്കും.

15. പാടശേഖരത്തിൽ കൊയ്ത്തു ആരംഭിക്കുന്ന ദിവസം മുതൽ 30 ദിവസത്തേയ്ക്ക് പ്രസ്തുത പാടശേഖരത്തിൽ നിന്ന് നെല്ല് ഏറ്റെടുക്കുന്നതിന് സമയപരിധി പരിമിത പ്പെടുത്തിയിട്ടുണ്ട്.

## നെൽ കൃഷി – നെല്ല് സംഭരണം – കലണ്ടർ

| ഇംഗ്ലീഷ് / മലയാളം കലണ്ടർ | പ്രത്യേകത |
|---|---|
| ഏപ്രിൽ മധ്യം / മേടം 1 വിഷു | കാർഷിക കലണ്ടർ വർഷാരംഭം |
| ഏപ്രിൽ അവസാനം / മേടം 9–10/ പത്താമുദയം | പൊടി വിത വാരം |
| മെയ് അവസാനം/ജൂൺ ആദ്യം/ഇടവം 15 – ഇടവപ്പാതി | കാലവർഷം ആരംഭം ഇടവപ്പാതി മുതൽ ചിങ്ങംവരെ നെല്ല് സംഭരണം ഉണ്ടായിരിക്കുന്നതല്ല |
| ആഗസ്റ്റ് ആദ്യം 01/08 | ഒന്നാം സീസൺ കർഷക രജിസ്ട്രേഷൻ ആരംഭം |
| ആഗസ്റ്റ് മധ്യം / ചിങ്ങം 1 | കർഷക ദിനം |
| സെപ്റ്റംബർ മധ്യം 15/09 | ഒന്നാം സീസൺ കർഷക രജിസ്ട്രേഷൻ പൂർത്തീകരണം |
| സെപ്റ്റംബർ 1 | ഒന്നാം സീസൺ നെല്ല് സംഭരണം ആരംഭം |
| ഒക്ടോബർ മധ്യം 16/10 | ലോക ഭക്ഷ്യ ദിനം |
| നവംബർ മധ്യം 15/11 | രണ്ടാം സീസൺ കർഷക രജിസ്ട്രേഷൻ ആരംഭം |
| ഡിസംബർ ആദ്യം / വൃശ്ചിക വാവ് | വൃശ്ചിക വേലിയേറ്റം |
| ഡിസംബർ അവസാനം 31/12 | ഒന്നാം സീസൺ നെല്ല് സംഭരണം പൂർത്തീകരണം |
| ജനുവരി ആദ്യം 01/01 | രണ്ടാം സീസണൽ നെല്ല് സംഭരണ ആരംഭം |
| മാർച്ച് മധ്യം 15/03 മുതൽ 31/03 | അവസാനഘട്ട കർഷക രജിസ്ട്രേഷൻ |
| മാർച്ച് അവസാനം 29/03 മുതൽ 31/03 | വാർഷിക സ്റ്റോക്ക് പരിശോധന പി.ആർ.എസ് നൽകുന്നതല്ല. |
| ഏപ്രിൽ ആദ്യം /മീനം 27<br>മീന ഭരണി | പുഞ്ചകൊയ്ത്ത് അവസാനിക്കുന്നു |
| ജൂൺ അവസാനം 30/06 | രണ്ടാം സീസൺ നെല്ല് സംഭരണം പൂർത്തീകരണം |

| പ്രദേശം | കാലഘട്ടം | ആരംഭം | അവസാനം |
|---|---|---|---|
| കേരളത്തിൽ പൊതുവായി | വിരിപ്പ്<br>മുണ്ടകൻ<br>പുഞ്ച | ഏപ്രിൽ – ജൂൺ<br>സെപ്റ്റംബർ – ഒക്ടോബർ<br>ഡിസംബർ – ജനുവരി | സെപ്റ്റംബർ – ഒക്ടോബർ<br>ജനുവരി – ഫെബ്രുവരി<br>മാർച്ച് – ഏപ്രിൽ |
| കുട്ടനാട് | രണ്ടാം വിള<br>പുഞ്ച | ജൂൺ – ജൂലൈ<br>ഒക്ടോബർ – നവംബർ | ഒക്ടോബർ – നവംബർ<br>ഫെബ്രുവരി – മാർച്ച് |
| കോൾ | മുണ്ടകൻ | സെപ്റ്റംബർ – ഫെബ്രുവരി | ജനുവരി – ജൂൺ |

ഒപ്പ്

ചെയർമാൻ ആന്റ് മാനേജിംഗ് ഡയറക്ടർ

☐ അംഗീകരിക്കുന്നു

തുടരുക

Back to My Panel